**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3427** **14-07-2022 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ അഗ്രോസർവ്വീസ് സെന്ററിന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | പയ്യന്നൂർ അഗ്രോസർവ്വീസ് സെന്ററിന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കി ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. 24.05.2022-ൽ ചേർന്ന സ്റ്റേറ്റ് ലെവൽ പ്രൊജക്റ്റ് സ്ക്രീനിംഗ് കമ്മിറ്റി (SLPSC) യിൽ പയ്യന്നൂർ അഗ്രോ സർവീസ് സെന്ററിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കെട്ടിട നിർമ്മാണ ഘടകങ്ങൾ ഒഴികെയുള്ള 62.426 ലക്ഷം രൂപയുടെ പ്രൊജക്റ്റ് 2022-23 സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റി (SLSC)-യുടെ അംഗീകാരത്തിനായി ശുപാർശ ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് ലെവൽ സാങ്ഷനിങ് കമ്മിറ്റി (SLSC)കൂടുന്നതിനുള്ള തിയതി തീരുമാനിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത കമ്മിറ്റി 2022-23 വർഷം അംഗീകാരം നൽകിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | 2022-23 വർഷത്തെ സ്റ്റേറ്റ് ലെവൽ സാങ്ഷനിങ് കമ്മിറ്റി (SLSC) കൂടുന്നതിനുള്ള തിയതി തീരുമാനിച്ചിട്ടില്ല. |
| (സി) | പ്രസ്തുത പദ്ധതിക്ക് ഈ സാമ്പത്തികവർഷം തന്നെ ഭരണാനുമതി നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | 2022 -23 വർഷത്തെ സ്റ്റേറ്റ് ലെവൽ സാങ്ഷനിങ് കമ്മിറ്റി (SLSC)-യുടെ തീരുമാനത്തിന് അനുസൃതമായി ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ